# കാലിക്കറ്റ് സർവ്വകലാശാല
## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്

## പത്രക്കുറിപ്പ്

കാലിക്കറ്റ് സർവ്വകലാശാലയുടെ പഠനവകുപ്പ്/സ്വാശ്രയ സെന്ററുകൾ/അഫിലിയേറ്റഡ് കോളേജുകൾ എന്നിവിടങ്ങളിലേക്ക് പ്രവേശന പരീക്ഷ മുഖാന്തരം പ്രവേശനം നടത്തുന്ന (CUCAT 2023) പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിലേക്കായി ലെയ്റ്റ് രജിസ്ട്രേഷൻ ഓൺലൈനായി നടത്താനുള്ള സൗകര്യം 20.09.2023 ന് വൈകിട്ട് 5 മണി വരെ ലഭ്യമാണ്. പ്രവേശനം ഡിഗ്രി മാർക്കിന്റെ അടിസ്ഥാനത്തിലായിരിക്കും.

വിജ്ഞാപന പ്രകാരം നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത യോഗ്യതയുള്ളവർക്ക് പരമാവധി നാല് പ്രോഗ്രാമുകളിലേക്ക് അപേക്ഷിക്കാം. അപേക്ഷാഫീസ്: ജനറൽ വിഭാഗത്തിന് 875/- രൂപ. എസ്.സി/എസ്.ടി. 550/- രൂപ. (എൽ.എൽ.എം. പ്രോഗ്രാമിന് ജനറൽ വിഭാഗത്തിന് 1085/- രൂപയും എസ്.സി./എസ്.ടി. വിഭാഗത്തിന് 665/- രൂപയുമാണ്). പ്രവേശന യോഗ്യതയുടെ അടിസ്ഥാനത്തിൽ ഒന്നിൽ കൂടുതൽ പ്രോഗ്രാമുകളിലേക്ക് അപേക്ഷിക്കുന്നവർ ഓരോ അധിക പ്രോഗ്രാമിനും 85/- രൂപ വീതം അപേക്ഷാ ഫീസിനോടൊപ്പം ഒന്നിച്ച് അടവാക്കണം.

MSW, MCJ, MCA എന്നീ പ്രോഗ്രാമുകളിലെ ഒഴിവു വിവരങ്ങൾ അറിയുന്നതിനായി അതത് കോളേജ്/ സെന്ററുകളുമായി ബന്ധപ്പെടേണ്ടതാണ്. മറ്റു പ്രോഗ്രാമുകളുടെ ഒഴിവ് വിവരങ്ങൾ അഡ്മിഷൻ വെബ് സൈറ്റിൽ ലഭ്യമാണ്. അതാത് സംവരണ വിഭാഗങ്ങളിലെ അപേക്ഷകരുടെ അഭാവത്തിൽ മറ്റ് വിഭാഗക്കാരേയും പ്രവേശനത്തിനായി പരിഗണിക്കുന്നതാണ്.

BPEd, MPEd പ്രോഗ്രാമുകളുടെ പ്രവേശന പരീക്ഷക്ക് അപേക്ഷിക്കുന്നതിനുള്ള അവസാന തിയ്യതി 03.09.2023 വൈകിട്ട് 5 മണി.

വിശദവിവരങ്ങൾക്ക് www.admission.uoc.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

ഫോൺ : 0494 2407016, 2660600.

(ഒപ്പ്)

ഡയറക്ടർ

C.U. Campus
25.08.2023